DESPATCHED
On. 16/2/.23...


## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 141*(2)/2021*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **1896**/*എസ്.ഐ.സി-ജി 6/21*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.തങ്കച്ചൻ വി.ശാമുവൽ ,**
**ലീതാഷ്,**
**ശങ്കരമംഗലം കോമ്പൗണ്ട്,**
**മനക്കര.**

} **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
   **സെക്രട്ടറി,**
   **ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് ഓഫീസ്,**
   **ശാസ്താംകോട്ട.**
2. **അപ്പീൽ അധികാരി&**
   **പഞ്ചായത്ത് അസിസ്റ്റന്റ് ഡറയക്ടർ,**
   **പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,**
   **സിവിൽ സ്റ്റേഷൻ, കൊല്ലം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06.11.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09.12.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 12.12.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 13.01.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 30.01.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 02.02.2021 |
| ഹിയറിംഗ് നടന്ന തീയതി | 29.12.2022, കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാൾ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. അപൂർണ്ണവും തെറ്റായതുമായ മറുപടിയാണ് ലഭ്യമാക്കിയതെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 06.11.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 09.12.2020ന് മറുപടി നൽകിയതായും ടി മറുപടിയിൽ തൃപ്തനാകാതെ സമർപ്പിച്ച ഒന്നാം അപ്പീലിന് 13.01.2021ന് മറുപടി നൽകിയതായും കാണുന്നു.

3. 24.03.2021ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കമ്മീഷനിൽ 16.03.2021ന് സമർപ്പിച്ച റിപ്പോർട്ട് ടി കാര്യാലയത്തിൽ നിന്നും രജിസ്റ്റേർഡ് തപാൽ മാർഗ്ഗം സമർപ്പിച്ചിട്ടുള്ളതാണെന്നും എന്നാൽ ടി റിപ്പോർട്ടിൽ പേജ് നം.2 ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ള സംശയം നിലനിൽക്കുന്നതിനാൽ റിപ്പോർട്ടിന്റെ പകർപ്പ് ഒരിക്കൽ കൂടി സമർപ്പിക്കുന്നുവെന്നും റിപ്പോർട്ടിന് അനുബന്ധമായി നൽകേണ്ട പകർപ്പുകൾ 16.03.2021ലെ റിപ്പോർട്ടിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുള്ളതും ടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് തെറ്റായ മറുപടിയാണ് ലഭ്യമായതെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമനമ്പർ 1, 2, 3 എന്നിവയ്ക്ക് ഒരാഴ്ചയ്ക്കുള്ളിൽ വ്യക്തമായ മറുപടി നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം 17.01.2023ൽ സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്, കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് നടന്ന കമ്മീഷന്റെ സിറ്റിംഗിലെ

നിർദ്ദേശപ്രകാരം ഹർജിക്കാരന് ശീർഷകം (2),(3) എന്നിവയ്ക്ക് വിശദമായ മറുപടി നൽകണമെന്ന് നിർദ്ദേശിച്ച് ഉത്തരവായിരുന്നുവെന്നും ആയതുപ്രകാരം ടിയാന് 13.01.2023 തീയതിയിൽ ആയതിന്റെ മറുപടി നൽകിയിട്ടുള്ളതും ടിയാൻ കൈപ്പറ്റിയതിന്റെയും നൽകിയ മറുപടിയുടെയും പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നുവെന്നുമാണ്.

5. മേൽപ്പടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/